റോഡുകൾ

173. [5] ശ്രീ. പി. എം. മക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരം നിയോജകമണ്ഡലത്തിൽ എത്തെല്ലാം റോഡുകൾ മെയിൻറനൻസ് നടത്തുന്നുണ്ട്; ഓരോന്നിനും യഥാക്രമം അനുവദിച്ചിട്ടുള്ള തുകകൾ എന്തു;

(ബി) വിജയപുരത്തു് അയർക്കുന്നം ചന്തയിൽനിന്നും തിരുവഞ്ചൂർ വരെയുള്ള റോഡ് ഗവണ്മെൻറ് ഏറ്റെടുത്തിട്ടുള്ളതാണോ;

(സി) ആ റോഡ് എത്ര മൈലാണെന്നും ഇപ്പോൾ അതു് സഞ്ചാരയോഗ്യമാണോ എന്നും പറയാമോ;

(ഡി) ടി റോഡ് ഇനി എത്ര മൈൽ ഗവണ്മെൻറ് ഏറ്റുക്കാൻ ഉണ്ടെന്നും, ടി റോഡിൽ രണ്ടു ചെറിയ കലുംകുകൾ തീരാത്തതിനാൽ പൊതുജനങ്ങൾക്കുള്ള വിഷമതയെക്കുറിച്ചും നിവേദനം കിട്ടിയിട്ടുണ്ടോ;

(ഇ) ടി റോഡിൽ തീക്കാനുള്ള കലുംകുകൾ തീർത്തു് വഴി നന്നാക്കിക്കൊടുക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) വിവരം കുറിക്കുന്ന * ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(ബി) അതേ.

(സി) റോഡിന്റെ ആകെ നീളം 2 മൈൽ 3 ഫർലാംഗാണു്. അതിൽ രണ്ടര മൈൽ മുൻപേതന്നെ ഡിപ്പാർട്ടുമെൻറിന്റെ മെയിൻറനൻസിൽ ഇരിക്കുന്നതാണു്. അത്രയും ഭാഗം സഞ്ചാരയോഗ്യമാണു്.

(ഡി) രണ്ടര മൈൽ കഴിച്ചു് ബാക്കി ഭാഗവും ഏറ്റെടുക്കുവാൻ ഉത്തരവു് അയച്ചിട്ടുണ്ടു്. ഈ ഭാഗത്തു പണിയേണ്ട കലുംകുകളുടെ അടങ്കൽ തയ്യാറാക്കിവരുന്നു. ടി കലുംകുകളുടെ അഭാവത്തെക്കുറിച്ചു് നിവേദനം കിട്ടിയിട്ടുണ്ടു്.

(ഇ) ഇതിനെ സംബന്ധിച്ചു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

മതസ്ഥാപനങ്ങളുടെ കൈവശത്തിലുള്ള നിലങ്ങൾ.

174. [10] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ദേവസ്വങ്ങളുടെ കൈവശത്തിലുള്ള നിലത്തിന്റെ വിസ്തീർണ്ണം എത്ര;

(ബി) മറ്റു് സ്ഥാപനങ്ങളുടേയും ട്രസ്റ്റുകളുടേയും കൈവശത്തിൽ എത്ര?

* Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) & (ബി) നിലം, പുരയിടം എന്ന പ്രത്യേകം തിരിച്ചു കണക്കു വച്ചിട്ടില്ല. ദേവസ്വങ്ങളുടെ കൈവശമുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 48,322 ഏക്കർ, 22 സെൻറും, മറവ് മതസ്ഥാപനങ്ങളുടേയും ട്രസ്റ്റുകളുടേയും കൈവശമുള്ളത് 20,970 ഏക്കറുമാണ്.

തൃശ്ശൂർ–വേലന്താവളം ലൈനിൽ ഓടുന്ന ബസ്സുകൾ.

175. [11] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ–വേലന്താവളം ലൈനിൽ എത്ര ബസ്സുകളാണ് ഇന്നോടുന്നത്;

(ബി) ഇവയുടെ റണ്ണിംഗ് ടൈം എത്രയാണ്;

(സി) ഈ ലൈനിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നത് ഏതു കമ്പനിക്കാരാണ്;

(ഡി) ഈ ലൈനിൽ എക്സ്പ്രസ്സ്, സ്റ്റേറ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ആറ് (6).

(ബി) അഞ്ചു മണിക്കൂർ.

(സി) മറ്റു ബസ്സുകളും പി. എൻ. കൃഷ്ണയ്യർ അൻറ് സൺസ്, ലിമിറ്റഡ് തൃശ്ശൂർ എന്ന കമ്പനിയുടെ വകയാണ്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കടയ്ക്കൽ ആശുപത്രി.

176. [14] ശ്രീ. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടയ്ക്കൽ ആശുപത്രി കെട്ടിടത്തിൻറെയും, കമ്പൗണ്ടിൻറെയും ഇന്നത്തെ സ്ഥിതിയെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെക്കും അതു സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുവാനുള്ള കാരണം എന്ത്?

ഉത്തരം.

പരാതി കിട്ടിയിട്ടില്ല. പോസ്റ്റ്മാർട്ടം ഷെഡ്ഡ്, അടുക്കള, കക്കൂസ് മുതലായവ പണിയുന്നതിനുവേണ്ട നടപടികൾ ഏടുക്കുന്നുണ്ട്.

ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുവാനുള്ള അവകാശം.

177. [15] ശ്രീ. പി. കെ. കുഞ്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുവാനുള്ള അവകാശം ഗവണ്മെൻറ് അംഗീകരിക്കുകയുണ്ടായോ

LIBRARY ARCHIVES Kerala Legislative Assembly